# കേരള സർവകലാശാല

നം.പി.ആർ.219/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### സൂക്ഷ്മപരിശോധന

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ബി.സി.എ/ബി.വോക് കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി ഇ.ജെ III സെക്ഷനിൽ ഒക്ടോബർ 6 മുതൽ 15 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

2017 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എ (സി.ബി.സി.എസ്.എസ്) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ തിരിച്ചറിയൽ രേഖയും ഹാൾടിക്കറ്റുമായി ഇ.ജെ V (റീവാല്യുവേഷൻ) സെക്ഷനിൽ ഒക്ടോബർ 20 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

### മാർക്ക് ലിസ്റ്റ്

2018 മേയ് ജൂൺ മാസങ്ങളിൽ നടത്തിയ പ്രൈവറ്റ് രജിസ്ട്രേഷൻ ഒന്നാം വർഷ എം.എ പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, മലയാളം, പബ്ലിക് അഡ്മിനിസ്ട്രേഷൻ, അറബിക്, ഫിലോസഫി പരീക്ഷകളുടെ മാർക്ക് ലിസ്റ്റുകൾ യൂണിവേഴ്സിറ്റിയുടെ പാളയം ഓഫീസിൽ നിന്നും ഒക്ടോബർ 30 നകം നേരിട്ട് കൈപ്പറ്റേണ്ടതാണ്. പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ ഹാജരാക്കാത്ത വിദ്യാർത്ഥികൾ മെമ്മോയുടെ ഒറിജിനലുമായി വരേണ്ടതാണ്.

### മാർക്കുകൾ അപ് ലോഡ് ചെയ്യാം

2018 ആഗസ്റ്റിൽ നടന്ന സി.ബി.സി.എസ്/കരിയർ റിലേറ്റഡ് സി.ബി.സി.എസ് രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം പരീക്ഷയുടെ നിരന്തര മൂല്യനിർണ്ണയ (CE) മാർക്കുകൾ അപ് ലോഡ് ചെയ്യാനുള്ള അവസാന തീയതി ഒക്ടോബർ 12 വരെ നീട്ടിയിരിക്കുന്നു.

### പരീക്ഷാ തീയതി

2018 ഒക്ടോബർ 8 ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം), ഒൻപതാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം) (പേപ്പർ I - Law of Arbitration, Concilation and Alternate Dispute Resolution Systems) ഡിഗ്രി പരീക്ഷ ഒക്ടോബർ 10 ലേയ്ക്കും, രണ്ടാം സെമസ്റ്റർ ബി.ബി.എ (വിദൂരവിദ്യാഭ്യാസം സപ്ലിമെന്ററി) ( BBAD 204 - Managerial Economics) ഡിഗ്രി പരീക്ഷ ഒക്ടോബർ 11 ലേയ്ക്കും, മൂന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം – FT (including UIM/Regular (Evening) Travel & Tourism) ( Personal Financial Planning/Hospitality Management/Internal Logistics and

Materials Handling) ഡിഗ്രി പരീക്ഷ ഒക്ടോബർ 12 ലേയ്ക്കും മാറ്റിവച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ഒക്ടോബർ 9 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് (EL 244 - Comprehensive Paper) ഡിഗ്രി പരീക്ഷ ഒക്ടോബർ 10 ലേയ്ക്കും, രണ്ടാം സെമസ്റ്റർ ബി.ബി.എ (വിദൂര വിദ്യാഭ്യാസം – സപ്ലിമെന്ററി) (BBAD 205 - Business Laws) ഡിഗ്രി പരീക്ഷ ഒക്ടോബർ 12 ലേയ്ക്കും മാറ്റി വച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഇന്റർവ്യൂ

യു.ഐ.ടി കളിലേക്ക് പ്രിൻസിപ്പൾ (കോൺട്രാക്ട്) തസ്തികയിലേക്ക് അപേക്ഷിച്ച ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ ഒക്ടോബർ 8 ന് രാവിലെ 11 മണിക്ക് നടത്തുന്നതാണ്. ഇൻർവ്യൂ മെമ്മോ ലഭിച്ചവർ അന്നേ ദിവസം പാളയത്തുള്ള സർവകലാശാല ആസ്ഥാനത്ത് രാവിലെ 9.30 മണിക്ക് സർട്ടിഫിക്കറ്റുകളുടെയും മറ്റ് രേഖകളുടെയും ഒറിജിനൽ സഹിതം ഹാജരാകേണ്ടതാണ്.

## കോഴ്സ് അനുവദിച്ചു

അഫിലിയേറ്റഡ് സ്വാശ്രയ കോളേജായ കല്ലമ്പലം കെ.റ്റി.സി.റ്റി കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ എം.എ. ഇംഗ്ലീഷ് കോഴ്സ് അനുവദിച്ചിരിക്കുന്നു. ആയതിന്റെ പ്രവേശനം ഒക്ടോബർ 9 ന് കോളേജിൽ വെച്ച് നടക്കും.

<u>പ്രത്യേക കുറിപ്പ്</u>: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ബിരുദാനന്തരബിരുദം
## എസ്.സി/എസ്.ടി. സ്പോട്ട് അലോട്ട്മെന്റ്

2018–19–ലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് സ്പോട്ട് അലോട്ട്മെന്റ് സർവകലാശാല സെനറ്റ് ഹാളിൽ ഒക്ടോബർ 10–ന് നടത്തുന്നു. കോളേജുകളിൽ ഒഴിവുള്ള സീറ്റുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ(http://admissions. keralauniversity.ac.in) പ്രസിദ്ധീകരിക്കും.

രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം കഴിഞ്ഞു വരുന്നവരെ പിന്നീട് പരിഗണിക്കുന്നതല്ല.

അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശന ഫീസായ 340/– രൂപ അന്നേ ദിവസം തന്നെ ഒടുക്കേണ്ടതാണ്. മുൻപ് പ്രവേശന ഫീസ് അടച്ചവർ അതിന്റെ രസീത് നൽകിയാൽ മതിയാകും. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും 2018 ഒക്ടോബർ 06, 07, 08, 09 എന്നീ തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്.)

## പ്രാക്ടിക്കൽ പരീക്ഷ

ഏഴാം സെമസ്റ്റർ ബി.ടെക് 2008/2013 സ്കീം (മേയ് 2018/ആഗസ്റ്റ് 2018) സപ്ലിമെന്ററി പ്രാക്ടിക്കൽ പരീക്ഷകൾ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ബ്രാഞ്ച് ഒക്ടോബർ 8, 10 തീയതികളിലും, കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ച് ഒക്ടോബർ 8, 9, 10 തീയതികളിലും നടക്കുന്നതാണ്. വിശദവിവരങ്ങൾക്ക് വിദ്യാർത്ഥികൾ അതാത് കോളേജുകളുമായി ബന്ധപ്പെടേണ്ടതാണ്.

## സീറ്റ് ഒഴിവ്

ബിരുദാനന്തര ബിരുദ പ്രോഗ്രാമിന് ബോട്ടണി പഠന വകുപ്പിൽ എസ്.ടി വിഭാഗത്തിലും ഇസ്ലാമിക് പഠന വകുപ്പിൽ ഇസ്ലാമിക് ഹിസ്റ്ററിക്ക് എസ്.സി വിഭാഗത്തിലും (രണ്ട് ഒഴിവ്) ഒഴിവുകളുണ്ട്. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി യഥാക്രമം ഒക്ടോബർ 10 ന് രാവിലെ 10 മണിക്ക് ഇസ്ലാമിക് പഠന വകുപ്പിലും 11 മണിക്ക് ബോട്ടണി പഠനവകുപ്പിലും ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം.
05.10.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098